**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**വിജ്ഞാപനം**
**ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി.**
**കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ –2022**
**ഉത്തരസൂചിക പ്രസിദ്ധീകരിച്ചു**

2022 ആഗസ്റ്റ് 27 ന് കേരളത്തിലെ എല്ലാ ജില്ലകളിലെയും വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ 2022–23 അധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ഉത്തര സൂചികകൾ സംബന്ധിച്ച ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും 100/– രൂപ ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റും 01.09.2022 വൈകുന്നേരം 04.00 ന് മുൻപ് തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, ഇ–മെയിൽ, ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിനുവേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്. ചോദ്യങ്ങളും അവയ്ക്കുള്ള വിദ്യാർത്ഥികളുടെ ഉത്തരവും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് കാൻഡിഡേറ്റ് പോർട്ടലിൽ ലഭ്യമാക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.28 08:21:13 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**28/08/2022**